# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.

   **President Droupadi Murmu to inaugurate the National Conference on Environment- 2025 in New Delhi today.**

2. രാജ്യത്ത് ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രം. കേന്ദ്ര സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും രണ്ട് ശതമാനം ക്ഷാമബത്ത അനുവദിച്ചു.

   **Centre gives nod to Electronics Component Manufacturing Scheme to boost manufacturing of electronic goods in the country. Cabinet approves 2% DA hike for central govt employees.**

3. ഇന്ത്യ ആദ്യം എന്നതാണ് രാജ്യത്തിന്റെ വിദേശനയത്തിന്റെ ആപ്തവാക്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, India First has become mantra of country's foreign policy.**

4. ഭൂകമ്പം നാശം വിതച്ച മ്യാൻമറിന് ദുരിതാശ്വാസ സഹായവുമായി ഇന്ത്യ.

   **India Sends Disaster Relief to Earthquake-hit Myanmar.**

5. കോഴിക്കോട് റയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങളുടെ പുരോഗതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് വിലയിരുത്തും.

**MoS George Kurian to review Progress of Kozhikode Railway Station Development Today.**

6. **ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം.**

**ISL Football Playoff Matches to Begin Today.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PRESIDENT-NGT CONFERENCE

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനം - 2025 ഉദ്ഘാടനം ചെയ്യും. ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പരിപാടിയിൽ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ചയാകും. കാലാവസ്ഥാ വ്യതിയാനം, മലിനീകരണ നിയന്ത്രണം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര വികസനം എന്നിവയുൾപ്പെടെയുള്ള ഗുരുതര വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്ന നാല് പ്രധാന സെഷനുകൾ സമ്മേളനത്തിലുണ്ടാകും. നാളെ നടക്കുന്ന സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

## PM-CABINET DECISIONS

ബിഹാറിലെ കോസി, മേച്ചി നദികളെ ബന്ധിപ്പിക്കുന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയ കേന്ദ്ര മന്ത്രിസഭാ തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. പട്ന, സസാരം മേഖലയിലെ ഗതാഗത കുരുക്ക് കുറയ്ക്കാൻ സഹായിക്കുന്ന ഗ്രീൻഫീൽഡ് നാലുവരിപ്പാത ഇടനാഴി പദ്ധതിയ്ക്കും ഇന്നലെ കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരുന്നു. ബിഹാറിന്റെ സമഗ്ര വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## CABINET BRIEFING-1 (INTRO)

രാജ്യത്ത് ഇലക്ട്രോണിക് വസ്തുക്കളുടെ നിർമ്മാണം, വിതരണ ശൃംഖല എന്നിവ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് 22,000 കോടി

രൂപയുടെ  ഇലക്ട്രോണിക്സ് ഘടക വസ്തു  നിർമ്മാണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇലക്ട്രോണിക്സ് മേഖല വൻ വളർച്ച കൈവരിച്ചതായും ഉൽപ്പാദനം അഞ്ച് മടങ്ങ് വളർന്നതായും അദ്ദേഹം അറിയിച്ചു.  പുതിയ പദ്ധതി 91,000-ത്തിലധികം പേർക്ക് നേരിട്ടും നിരവധി പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**( വോയിസ്....)**

&&&&&&&&&&&&&&&&&&

**CABINET BRIEFING-2**

കർഷകർക്ക് താങ്ങാനാവുന്ന വിലയിൽ സബ്സിഡിയുള്ള വളങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ഫോസ്ഫറ്റിക്, പൊട്ടാസ്യം വളങ്ങൾക്ക് സബ്സിഡി നിരക്കുകൾ അംഗീകരിച്ചതായും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കേന്ദ്ര സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും രണ്ട് ശതമാനം ക്ഷാമബത്ത അനുവദിച്ചതായും ശ്രീ വൈഷ്ണവ് അറിയിച്ചു. ഈ വർഷം ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിലാണ് വർദ്ധനവ് വരുത്തുന്നത്.

&&&&&&&&&&&&&&&&&&

**HEAD LINE – 3**

**PM - TV9 EARLY**

ലോകത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിലും സുരക്ഷിതമാക്കുന്നതിലും ഇന്ത്യയുടെ പങ്ക് സുപ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിൻറെ വിദേശനയത്തിൻറെ മന്ത്രം **"ഇന്ത്യ ആദ്യം"** എന്നതാണെന്നും ന്യൂഡൽഹിയിൽ ഒരു സ്വകാര്യ ചാനൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ യുവത നൈപുണ്യ ശേഷിയുള്ളവരായി മാറുകയാണെന്നും അവർ  നവീനാശയങ്ങൾ മുന്നോട്ട് വയ്ക്കുകയാണെന്നും  അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## MYANMAR EARTHQUAKE

മ്യാൻമാറിലും തായ്‌ലൻഡിലും കഴിഞ്ഞ ദിവസമുണ്ടായ വൻ ഭൂചലനത്തിൽ 150 ഓളം പേർ മരിച്ചതായി റിപ്പോർട്ട്. റിക്ടർ സ്കെയിലിൽ 7.7 ഉം 6.4 ഉം തീവ്രത രേഖപ്പെടുത്തിയ തുടർച്ച ഭൂകമ്പങ്ങളിൽ വ്യാപക നാശനഷ്ടങ്ങൾ രേഖപ്പെടുത്തി. മ്യാൻമറിലെ ആറ് മേഖലകളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. തായ്‌ലൻഡ് തലസ്ഥാനമായ ബാങ്കോക്കിൽ നിർമ്മാണത്തിലിരുന്ന ബഹുനില കെട്ടിടം തകർന്നുവീണ് 10 പേരാണ് മരിച്ചത്. സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്ന് ഇന്ത്യൻ എംബസ്സി അറിയിച്ചു.

&&&&&&&&&&&&&&&&&&

## INDIAN AID MYANMAR

ഭൂകമ്പമുണ്ടായ മ്യാൻമാറിന് ദുരിതാശ്വാസ സഹായവുമായി ഇന്ത്യ. ടെൻറുകൾ, പുതപ്പുകൾ, ജനറേറ്ററുകൾ, ഭക്ഷണം, അവശ്യ മരുന്നുകൾ തുടങ്ങി 15 ടണ്ണോളം സാധനങ്ങളാണ് നൽകുന്നത്. ഭൂകമ്പമുണ്ടായ മ്യാൻമാറിലേയും തായ് ലൻഡിലേയും ജനങ്ങളുടെ സുരക്ഷയ്ക്കായി പ്രാർഥിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ദുരന്തമേഖലയിൽ വേണ്ട സഹായങ്ങൾ നൽകുന്നതിന് വിദേശകാര്യ മന്ത്രാലയത്തോട് നിർദേശിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കോഴിക്കോട് റയിൽവേ സ്റ്റേഷൻ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. വൈകിട്ട് ഗോത്ര സാഹിത്യോത്സവത്തിൻ്റെ സമാപന ചടങ്ങിലും കേന്ദ്രസഹമന്ത്രി സംബന്ധിക്കും.

&&&&&&&&&&&&&&&&&&

## STUDENTS POLICE CADET

ലഹരി വിരുദ്ധ ക്യാംപയിന് സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി

വിജയൻ. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കർമ പദ്ധതി വികസിപ്പിക്കുമെന്നും തീരദേശ, പിന്നോക്ക മേഖലകളിലെ സ്കൂളുകൾക്ക് മുൻഗണന നൽകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 120-ആം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും മൻകി ബാത് തത്സമയം ലഭ്യമാകും. തുടർന്ന് പരിപാടിയുടെ പ്രാദേശിക പരിഭാഷയുമുണ്ടാകും.

&&&&&&&&&&&&&&&&&&

## PM - MAHA, CG

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്ര, ഛത്തീസ്ഗഡ് സംസ്ഥാനങ്ങൾ സന്ദർശിക്കും. മഹാരാഷ്ട്രയിൽ നാഗ്പൂരിലെ സ്മൃതി മന്ദിരം സന്ദർശിക്കുന്ന പ്രധാനമന്ത്രി നാഗ്പൂരിലെ മാധവ് നേത്രാലയ പ്രീമിയം സെൻററിൻറെ ശിലാസ്ഥാപനവും നിർവഹിക്കും. ഛത്തീസ്ഗഡിലെ ബിലാസ്പൂരിൽ 33,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികളും പ്രധാനമന്ത്രി നാടിനു സമർപ്പിക്കും.

&&&&&&&&&&&&&&&&&&

## PM THAILAND SRI LANKA VISIT

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി അടുത്ത മാസം മൂന്നിന് തായ്‌ലൻഡ് സന്ദർശനം നടത്തും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

## MEA - US (INTRO)

തന്ത്രപരമായ മേഖലകളിൽ പങ്കാളിത്തം ശക്തിപ്പെടുത്താൻ ഇന്ത്യയും അമേരിക്കയും തമ്മിൽ ധാരണയായി. യുഎസ് ഡെപ്യൂട്ടി സെക്രട്ടറി ക്രിസ്റ്റഫർ ലാൻഡവുമായി കൂടിക്കാഴ്ച നടത്തിയ ശേഷം വിദേശകാര്യ സെക്രട്ടറി വിക്രം

മിസ്രിയാണ് ഇക്കാര്യം വ്യക്തമാക്കിയത്. തായ്‌ലൻഡിലെ BIMSTEC ഉച്ചകോടിക്ക് ശേഷം, പ്രധാനമന്ത്രി നരേന്ദ്രമോദി അടുത്തമാസം 4 മുതൽ 6 വരെ ശ്രീലങ്ക സന്ദർശിക്കുമെന്ന് ശ്രീ വിക്രം മിസ്രി അറിയിച്ചു. ഇന്ത്യയുടെ അയൽപക്കം ആദ്യം എന്ന നയത്തിന്റെ അവിഭാജ്യ ഘടകമാണ് ശ്രീലങ്കയെന്ന് അദ്ദേഹം പറഞ്ഞു.

**(VOICE….)**

&&&&&&&&&&&&&&&&&&

## HEAD LINE – 6

### ISL

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി 7.30 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

### IPL

ഇന്ത്യൻ പ്രീമിയർ ലീഗിൽ ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളുരു - ചെന്നൈ സൂപ്പർ കിങ്ങ്സിനെ 50 റൺസിന് പരാജയപ്പെടുത്തി.197 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈക്ക് 8 വിക്കറ്റ് നഷ്ടത്തിൽ 146 റൺസ് നേടാനേ കഴിഞ്ഞുള്ളൂ. ഇന്ന് രാത്രി 7:30 ന് അഹമ്മദാബാദിൽ നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് - മുംബൈ ഇന്ത്യൻസിനെ നേരിടും.

&&&&&&&&&&&&&&&&&&

### UAE - INDIAN PRISONERS

ഈദ് - ഉൾ - ഫിത്തറിനോട് അനുബന്ധിച്ച് യുഎഇ 500 ഇന്ത്യൻ തടവുകാർക്ക് മാപ്പ് നൽകി. തടവുകാരെ മോചിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ സജീവവും സുസ്ഥിരവുമായ നയതന്ത്ര ശ്രമങ്ങളുടെ ഭാഗമായി കഴിഞ്ഞ ദശകത്തിൽ വിവിധ രാജ്യങ്ങളിൽ തടവിൽ കഴിഞ്ഞിരുന്ന ആയിരക്കണക്കിന് ഇന്ത്യൻ പൗരന്മാരുടെ മോചനം സാധ്യമായിരുന്നു.

&&&&&&&&&&&&&&&&&&

## DEFENCE MINISTRY

കര ,വ്യോമ സേനകൾക്കായി 156 ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്ററുകൾ നിർമിച്ചു നൽകുന്നതിന് ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായി പ്രതിരോധ മന്ത്രാലയം കരാറിൽ ഒപ്പുവച്ചു. പ്രചണ്ഡ് ഹെലികോപ്റ്ററും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ നിർമിക്കുന്നതിന് 62,700 കോടി രൂപയുടെ കരാറാണ് ഒപ്പ് വെച്ചത്. സായുധ സേനയുടെ പോരാട്ട ശേഷി വർദ്ധിപ്പിക്കുന്നതിന് കരാറുകൾ സഹായിക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## RBI ATM CHARGES

എടിഎമ്മിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള ചാർജിൽ രണ്ട് രൂപ വർധന വരുത്താൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് അനുമതി നൽകി. അക്കൗണ്ടുള്ള ബാങ്കിൻറെ എടിഎമ്മിൽ നിന്നും പ്രതിമാസം നടത്തുന്ന അഞ്ച് സൗജന്യ ഇടപാടുകൾക്ക് പുറമെയുള്ളതിനാണ് ചാർജ് വർധന ബാധകമാകുക. മേയ് ഒന്നിന് ഇത് പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&&&&

## KANNUR - EZHIMALA DEATH

കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ പരിശീലനത്തിനിടെ അസിസ്റ്റന്റ് കമാൻറ്റ് ട്രെയിനി കുഴഞ്ഞുവീണു മരിച്ചു. മാഹി ചെമ്പ്ര സ്വദേശി ആർ. രബിജിത്താണ് മരിച്ചത്. 24 വയസ്സായിരുന്നു.

&&&&&&&&&&&&&&&&&&

## THRISSUR POORAM

തൃശൂർ പൂരം വെടിക്കെട്ട് സംബന്ധിച്ച് കഴിഞ്ഞ ഒക്ടോബറിൽ കേന്ദ്രസർക്കാർ നടത്തിയ പെസോ നിയമ ഭേദഗതിയിൽ കേന്ദ്രതീരുമാനം ഉണ്ടാകാത്തതിനെ തുടർന്ന് വെടിക്കെട്ട് പ്രതിസന്ധിയിലെന്ന് പാറമേക്കാവ് ദേവസ്വം. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ വകുപ്പിന് കീഴിലുള്ള പെസോയാണ് ഭേദഗതിയിൽ ഇളവ് നൽകേണ്ടത്. ഫയർ ലൈനിലേക്ക് മാഗസിനിൽ നിന്ന് 200 മീറ്റർ അകലം എന്നതായിരുന്നു ഭേദഗതി.

&&&&&&&&&&&&&&&&&&

## SARASWATI SAMMAN-SANSKRIT

പ്രശസ്ത സംസ്കൃത പണ്ഡിതനായ മഹാ മഹോപാധ്യായ സാധു ഭദ്രേഷ്ദാസിന് 2024 ലെ സരസ്വതി സമ്മാൻ നൽകും. സ്വാമിനാരായണ സിദ്ധാന്ത സുധ എന്ന കൃതിക്കാണ് പുരസ്കാരം.

&&&&&&&&&&&&&&&&&&

## AGNI

സംസ്ഥാനങ്ങളിലെ അഗ്നിശമന സേവനങ്ങളുടെ വിപുലീകരണവും ആധുനികവത്ക്കരണവും ലക്ഷ്യമിട്ട് കേരളം ഉൾപ്പടെ അഞ്ച് സംസ്ഥാനങ്ങൾക്കുള്ള 1,604.39 കോടി രൂപയുടെ പദ്ധതികൾക്ക് ശ്രീ അമിത് ഷായുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതി അംഗീകാരം നൽകി. കേരളത്തിന് 162.25 കോടി രൂപയാണ് അനുവദിച്ചത്.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&